# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

Ph. 0471- 2529145

website: www.forest.keralagov.in, Email: fibnews@gmail.com,


## പത്രക്കുറിപ്പ്

തീയതി.19.09.2018

**അന്തർദേശീയ ആന പരിപാലന കേന്ദ്രം:**
**ഭവന നിർമ്മാണബോർഡുമായി ധാരണാപത്രം ഒപ്പിട്ടു.**

കോട്ടൂരിലുള്ള ആന പരിപാലന കേന്ദ്രം അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി വനം വകുപ്പും ഭവന നിർമ്മാണ ബോർഡും തമ്മിൽ ധാരണാപത്രം ഒപ്പിട്ടു. റവന്യു - ഭവന നിർമ്മാണ മന്ത്രി ഇ.ചന്ദ്രശേഖറും വനം മന്ത്രി അഡ്വ. കെ. രാജുവും ധാരണാപത്രം കൈമാറി. കിഫ്ബിയിൽ നിന്നുള്ള 105 കോടി ഉൾപ്പെടെ ആകെ 113 കോടി രൂപ ചെലവഴിച്ചാണ് കോട്ടൂർ ആനപരിപാലന കേന്ദ്രം അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നത്.

കാട്ടാനകളെ ഒറ്റയായും കൂട്ടമായും പാർപ്പിക്കുവാനുള്ള എൻക്ലോഷറുകൾ, കുട്ടിയാനകൾക്കുള്ള പ്രത്യേക പരിചരണ കേന്ദ്രം, മഴവെള്ളം ശേഖരിക്കുവാനുള്ള വലിയകുളങ്ങൾ, വെറ്റിനറി ഹോസ്പിറ്റൽ, ആഫീസ് സമുച്ചയം, പാപ്പാൻമാർക്കുള്ള പരിശീലനകേന്ദ്രം, ആനമ്യൂസിയം, ബയോളജിക്കൽ പാർക്ക്, ആനപാപ്പാൻമാർക്കും ജീവനക്കാർക്കുമുള്ള പാർപ്പിട സമുച്ചയങ്ങൾ, ആനക്കുള്ള ഭക്ഷണശാല, നെയ്യാർ റിസർവ്വോയറിന്റ ഭാഗമായ ജലാശയം, ജലാശയത്തിൽ വിഹരിക്കുന്ന ആനകളെ വീക്ഷിക്കുന്നതിന് സന്ദർശകർക്കുള്ള സൗകര്യം, സന്ദർശകർക്കുള്ള ഭക്ഷണശാല, ടോയ്‌ലറ്റ് ബ്ളോക്ക്, പാർക്കിംങ് സൗകര്യം, സന്ദർശകർക്കുള്ള താമസസൗകര്യം, ഗാർഡൻ നിർമ്മാണം, വൃക്ഷവൽക്കരണം എന്നിവ ഉൾക്കൊള്ളുന്നതായിരിക്കും പുതിയ കേന്ദ്രം. 50 ആനകളെ വരെ പാർപ്പിക്കാനുള്ള സൗകര്യം ഇവിടെ ഉണ്ടാകും.

തിരുവനന്തപുരം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, ആർ.റ്റി.എഫ്. ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പിനാവശ്യമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. നെയ്യാർ- പേപ്പാറ വനവികസന ഏജൻസിയാണ് പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ. സംസ്ഥാന വനനിർമ്മാണ ബോർഡിനെയാണ് പദ്ധതിയുടെ നിർവ്വഹണചുമതല (പ്രോജക്റ്റ് മാനേജ്മെൻറ് കൺസൾട്ടൻറ്) ഏൽപ്പിച്ചിരിക്കുന്നത്. പ്രോജക്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഭവന നിർമ്മാണ ബോർഡും വനം വകുപ്പ് ഏജൻസിയും വിശദമായ ചർച്ചയും സ്ഥലപരിശോധനയും പൂർത്തിയാക്കി കഴിഞ്ഞു. ഡിസംബറിൽ ആരംഭിച്ച് 2020 ഒക്ടോബറിൽ പണികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

റവന്യു മന്ത്രിയുടെ ചേമ്പറിൽ നടന്ന ചടങ്ങിൽ കെ.എസ്. ശബരിനാഥൻ എം.എൽ.എ., ഭവന നിർമ്മാണ ബോർഡ് ചെയർമാൻ പി. പ്രസാദ് , ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

Photo attached

FIBPR-25/18